LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റിലെ ഒ ആൻഡ് എം വിഭാഗം

*903. [1286] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഒ ആൻഡ് എം (ഓർഗനൈസേഷനും മെതേഡ്സും) വിഭാഗത്തിന്റെ പ്രവർത്തനം എന്തൊക്കെയാണ് ;

(ബി) ഈ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥൻമാർ ആരെല്ലാമെന്നും അവരുടെ ശമ്പളസ്കെയിൽ എന്താണെന്നും വ്യക്തമാക്കാമോ ;

(സി) ഇതിന്റെ പ്രവർത്തനം ഒരു അധികപ്പറ്റാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

(എ, ബി) വിശദവിവരങ്ങൾ മേശപ്പുറത്തു വച്ചിട്ടുണ്ട്*.

(സി) ഇല്ല.

വനങ്ങളിൽനിന്നുമുള്ള തടി മോഷണം

*904. [1288] ശ്രീ. കെ. ഐ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

വനങ്ങളിൽനിന്നുള്ള തടിമോഷണം തടയുവാൻ എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ:)

വനങ്ങളിൽനിന്നും തടി മോഷ്ടിക്കുന്നതു കണ്ടുപിടിക്കുവാൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഫ്ളയിംഗ് സ്കാഡിനെ നിയമിച്ചിട്ടുണ്ട്. ഓരോ ഡിവിഷനിലുള്ള ഫ്ളയിംഗ് സ്കാഡ് അതാതു ഡിവിഷനിലെ തടി മോഷണം തടയുവാൻ ഫലപ്രദമായ നടപടികളെടുക്കുന്നുണ്ട്. കൂടാതെ പരാതികൾ കിട്ടുമ്പോൾ ഗവൺമെന്റുതന്നെ അന്വേഷണങ്ങൾ നടത്തുന്നുണ്ട്.

വളം സബ്സിഡിയും, പമ്പുസെറ്റ് സബ്സിഡിയും

*905 [1291] ശ്രീ. കെ. സി. സഖറിയ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ :

നിറുത്തൽ ചെയ്യപ്പെട്ട വളം സബ്സിഡിയും പമ്പുസെറ്റ് സബ്സിഡിയും, കർഷകരുടെ രക്ഷയേയും, കൃഷിക്കാരുടെ അഭിവൃദ്ധിയേയും മുൻനിറുത്തി, പുനഃസ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ):

ഇല്ല.

തൊഴിലില്ലായ്മ

*906. [1293] ശ്രീ. എ. എസ്. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭ്യസ്തവിദ്യരുടെയും സാങ്കേതിക പരിശീലനം നേടിയവരുടെയും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വല്ല പദ്ധതിയും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

* Appendix—I

APPENDIX I

[*Please see answer to question* * 903 (1286)]

സെക്രട്ടേറിയറ്റിലെ ഒ ആൻഡ് എം. വിഭാഗത്തിന്റെ പ്രവർത്തനം പൊതുവിൽ താഴെ പറയുന്നവയാണ്.

(1) വർക്ക് സ്റ്റഡി (Work Study)

1. സെക്രട്ടേറിയേറ്റിലേയും മറ്റു വിവിധ ഡിപ്പാർട്ടുമെന്റ് ആഫീസുകളിലേയും ജോലിയുടെ സ്വഭാവം, അതിന് അനുയോജ്യമായ ആഫീസ് ഘടന (Organisational set up) എന്നീ പ്രശ്നങ്ങളും, വേണ്ടിവരുമ്പോൾ പഠിച്ച് ആവശ്യമായ നിർദ്ദേശങ്ങളും നൽകുക.

2. നിലവിലുള്ള നടപടിക്രമങ്ങളും, ചട്ടങ്ങളും എന്നിവ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ആവിഷ്ക്കരിക്കുക.

3. വർക്ക് മെഷർമെന്റ് നടത്തി, ജീവനക്കാർക്കു വർക്ക് ലോഡ് നിശ്ചയിക്കാവുന്ന ജോലികൾക്ക് (ഉദ: ക്ലാർക്കൻമാർ, ടൈപ്പിസ്റ്റ്) അപ്രകാരം നിശ്ചയിക്കുക.

4. പുതിയ തസ്തികകളും സൃഷ്ടിക്കുന്നതിനു മുൻപ് വേണ്ടിവന്നാൽ അതിന്റെ ആവശ്യകതയെക്കുറിച്ച് പ്രത്യേക പഠനം നടത്തി വേണ്ട ഉപദേശം നൽകുക.

5. ഭരണസംവിധാനത്തിലുള്ള പ്രശ്നങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ അവയെക്കുറിച്ച് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

(2) ഇൻസ്പെക്ഷൻ (Inspection)

സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പുകളും, സബോർഡിനേറ്റ് സർവ്വീസ് ബോർഡ്, മറ്റു വകുപ്പുമേധാവികളും എന്നിവരുടെ ആഫീസ് പ്രവർത്തനം പരിശോധിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും നൽകുവാൻ ഇൻസ്പെക്റ്റിംഗ് ആഫീസറൻമാരെ സഹായിക്കുക.

(3) ട്രെയിനിംഗ് (Training)

1. വിവിധ വകുപ്പുകളിലും സെക്രട്ടറിയേറ്റിലും പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ക്ലാർക്കൻമാർക്ക് വേണ്ട പരിശീലനം നൽകുക.

2. സർവ്വീസിലുള്ള ചിലവിഭാഗം ഉദ്യോഗസ്ഥൻമാർക്കു (ഉദാ: സൂപ്രണ്ട്, തഹസീൽദാർ, ഡെപ്യൂട്ടി തഹസീൽദാർ) എന്നിവർക്കു ഭരണപരമായ കാര്യനിർവ്വഹണത്തിൽ സഹായിക്കാനുതകുന്ന പരിശീലനം (Refresher Course) നടത്തുക.

2/1144/V

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉദ്യോഗസ്ഥൻമാരും അവരുടെ ശമ്പളസ്കെയിലും.

ഈ ഡിവിഷന്റെ മേധാവി (Director) പബ്ലിക്ക് ഡിപ്പാർട്ടുമെൻറ് സെക്രട്ടറിയാണ്. അദ്ദേഹത്തിന്റെ കീഴിൽ താഴെ പറയുന്ന തസ്തികകളും ഉണ്ട്.

	ഉദ്യോഗപ്പേര്	എണ്ണം	ശമ്പളസ്കെയിൽ
(1)	ഡെപ്യൂട്ടി ഡയറക്ടർ (ഒ. ആൻഡ് എം.)	1	രൂ. 800—1100+രൂ. 50 (Compensatory Allowance)
(2)	അസിസ്റ്റൻറ് സെക്രട്ടറി (Work study & Office administration)	1	,, 550—800+രൂ. 45 (Compensatory Allowance)
(3)	പ്രിൻസിപ്പൽ, ക്ലാർക്കു ട്രെയിനിംഗ് സ്കൂൾ	1	,, 550—800+രൂ. 75 (As Special Pay)
(4)	അസിസ്റ്റൻറ് ഡയറക്ടർ, ട്രെയിനിംഗ് ഡെപ്യൂട്ടി കളക്ടർ (In charge of training for Revenue Officers	1	,, 550—800+രൂ. 100 (As Special Pay)
(5)	സീനിയർ അനലിസ്റ്റുമാർ (Inspection & Work Study)	2	,, 250—500+രൂ. 40 (As Compensatory Allowance)
(6)	സൂപ്രണ്ട് (Inspection and Office administration)	1	,, 250—500+രൂ. 40 (Compensatory Allowance)
(7)	അസിസ്റ്റൻറുമാർ (ഗ്രേഡ് 1)	6	,, 130—250+രൂ. 20 (Compensatory Allowance)
(8)	അസിസ്റ്റൻറുമാർ (ഗ്രേഡ് 2)	2	,, 90—160
(9)	സ്റ്റെനോഗ്രാഫർ	1	,, 90—250
(10)	ടൈപ്പിസ്റ്റ് (ഡബ്ല്യു. ഡി.)	1	,, 130—250
(11)	ടൈപ്പിസ്റ്റ് (റവന്യൂ. ഡി.)	1	,, 90—160
(12)	ക്ലാസ്സ്റ്റുഗ്രേഡ് സർവ്വൻസ്	5	,, 40—100

LIBRARY ARCHIVES Kerala Legislative Assembly